പട്ടുവം അപ്ലൈഡ് സയൻസ് കോളേജിന് കെട്ടിടം നിർമ്മിക്കാൻ സ്ഥലം

184. [953] ശ്രീ. എം വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഐ. എച്ച്. ആർ. ഡി. യുടെ കീഴിലുള്ള കണ്ണൂർ ജില്ലയിലെ പട്ടുവം അപ്ലൈഡ് സയൻസ് കോളേജിന്, പട്ടുവത്ത് സർക്കാരാവശ്യത്തിനു വേണ്ടി നീക്കിവെച്ച മിച്ചഭൂമിയിൽനിന്നും കെട്ടിടം നിർമ്മിക്കുവാൻ സ്ഥലം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

ഐ. എച്ച്. ആർ. ഡി. യുടെ ആവശ്യം സർക്കാർ പുനഃപരിശോധിച്ചു വരികയാണ്.

അനധികൃത മണൽ വാരൽ

185. [954] ശ്രീ. ലൂഡി ലൂയിസ് :

,, ബി. വിജയകുമാർ :

പ്രൊഫസർ എ. ഡി. മുസ്തഫ :

ശ്രീ. സി. പി. മുഹമ്മദ് :

,, പ്രയാർ ഗോപാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിളാനദിയിലും, തൃതപ്പുഴയിലും മണൽവാരുന്നവരെ ഈ വർഷം എത്ര പ്രാവശ്യം റെയ്ഡ് ചെയ്യുവാൻ തീരുമാനിച്ചിരുന്നു;

(ബി) ഇതിൽ എത്ര പ്രാവശ്യം റെയ്ഡ് വിവരം ചോർന്നിട്ടുണ്ട് ; ഇതിനുണ്ടായ സാഹചര്യം എന്താണ് ;

(സി) ഈ രണ്ട് പുഴകളിലും ഉദ്യോഗസ്ഥന്മാർ വേഷപ്രച്ഛന്നരായി റെയ്ഡ് നടത്തിയിട്ടുണ്ടോ ;

(ഡി) എങ്കിൽ ആരെല്ലാമാണ് പ്രസ്തുത റെയ്ഡിൽ പങ്കെടുത്തത് ;

(ഇ) പ്രസ്തുത റെയ്ഡിൽ എത്ര ലോറികൾ പിടിച്ചെടുത്തു എന്നും എത്രപേരുടെ മേൽ കേസ്സെടുത്തു എന്നും വ്യക്തമാക്കുമോ ;

(എഫ്) ഭാരതപ്പുഴയിലും, കൈവഴികളിലും നിന്ന് വ്യാജമായി മണൽ വാരുന്നത് തടയുന്നതിന് മണൽ വാരുന്നതിനുള്ള പാസ്സിൽ പറഞ്ഞിട്ടുള്ളതിൽ കൂടുതൽ മണൽ വാരുന്നത് ഒഴിവാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തൃശ്ശൂർ ജില്ലയിൽ 125-ഉം പാലക്കാട് ജില്ലയിൽ 625-ഉം മലപ്പുറം ജില്ലയിൽ മാസത്തിൽ ഒരു തവണ വെച്ചും റെയ്ഡ് ചെയ്യുന്നുണ്ട്.

(ബി) തൃശ്ശൂർ, മലപ്പുറം എന്നീ ജില്ലകളിൽ റെയ്ഡ് വിവരം ചോർന്നിട്ടില്ല. എന്നാൽ പാലക്കാട് ജില്ലയിൽ 14 പ്രാവശ്യം റെയ്ഡ് വിവരം ചോർന്നിട്ടുണ്ട്. മണൽ മാഫിയ റെയ്ഡിന് പോകുന്ന ഉദ്യോഗസ്ഥരുടെ നീക്കങ്ങൾ ശ്രദ്ധിച്ച് മൊബൈൽ ഫോണും മറ്റും ഉപയോഗിച്ച് വിവരങ്ങൾ കൈമാറുന്നതുകൊണ്ട് പല റെയ്ഡുകളും നടത്തുന്ന വിവരം ചോർന്നിട്ടുണ്ട്. കൂടാതെ റവന്യൂ സ്റ്റാഫ് അല്ലാതെ മറ്റുസ്റ്റാഫിനെ കൂടി റെയ്ഡിന് ഉൾപ്പെടുത്തുമ്പോൾ അതു വഴിയും വിവരം ചോർന്നിട്ടുണ്ട്.

(സി) പാലക്കാട് ജില്ലയിൽ ഉദ്യോഗസ്ഥൻമാർ വേഷപ്രച്ഛന്നരായി റെയ്ഡ് നടത്തിയിട്ടുണ്ട്.

(ഡി) പാലക്കാട് ജില്ലയിൽ ഒറ്റപ്പാലം സബ്കളക്ടർ, തഹസീൽദാർ, ഡെപ്യൂട്ടി തഹസീൽദാർമാർ എന്നിവരുടെ നേതൃത്വത്തിൽ വാഹനങ്ങൾ വാടകയ്ക്കെടുത്ത് വിവാഹസംഘമായും തീർത്ഥാടകരായും വേഷംമാറി റെയ്ഡ് നടത്തിയിട്ടുണ്ട്.

(ഇ) തൃശ്ശൂർ ജില്ലയിൽ 80 ലോറികൾ പിടിച്ചെടുക്കുകയും 80 കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും 80 ഡ്രൈവർമാർക്കെതിരെ കേസ്സെടുക്കുകയും ചെയ്തിട്ടുണ്ട്. പിടിച്ചെടുത്തു. 30 പേർക്കെതിരെ കേസ് എടുത്തിട്ടുണ്ട്. മലപ്പുറം ജില്ലയിൽ റെയ്ഡിൽ വാഹനങ്ങൾ പിടിച്ചെടുത്തിട്ടില്ല.

(എഫ്) ബന്ധപ്പെട്ട എല്ലാ പഞ്ചായത്തുകൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാ കടവുകളിലും പോലീസ് പിക്കറ്റുകളും ബാരിക്കേഡുകളും പോസ്റ്റ് ചെയ്തിട്ടുണ്ട്. അവിചാരിത റെയ്ഡുകൾ സംഘടിപ്പിക്കുക, റെയ്ഡിന് വകുപ്പിന്റെ വാഹനങ്ങൾ ഉപയോഗിക്കാതെ സ്വകാര്യ വാഹനം വാടകയ്ക്ക് എടുത്ത് അവ ഉപയോഗിച്ച് റെയ്ഡ് നടത്തുക, എന്നിവ ചെയ്തിട്ടുണ്ട്. രാവിലെ 8 മണിക്കുമുമ്പും വൈകുന്നേരം 3 മണിക്ക് ശേഷവും കടവുകളുടെ പരിസരത്ത് വാഹനം പാർക്ക് ചെയ്യുന്നത് നിരോധിച്ചിട്ടുണ്ട്. ഒരു മാസത്തേക്കുള്ള പാസ്സുകൾ തഹസീൽദാർമാർ ഒന്നിച്ചൊപ്പിട്ട് നൽകാതെ രണ്ടാഴ്ചക്കുള്ള പാസ്സുകൾ വീതം ഒപ്പിടുക, പാസ്സുകൾ കടവിൽ നിൽക്കുന്ന ഗെയിറ്റ്മാൻ മുഖാന്തിരമല്ലാതെ പഞ്ചായത്ത് ഓഫീസിൽനിന്നു തന്നെ നൽകുക, പാസ്സുകളിൽ സമയം, റൂട്ട്, എത്തേണ്ട സ്ഥലം, തീയതി എന്നിവ അക്കത്തിൽ എഴുതുന്നതിനു പുറമേ അക്ഷരത്തിലും എഴുതുന്നതിന് ഉത്തരവിട്ടിട്ടുണ്ട്. ഇത് പാസ് തിരുത്തൽ വരുത്തി വീണ്ടും അതേ പാസ് ഉപയോഗിച്ച് മണൽ കടത്തുന്നത് തടയുന്നുണ്ട്. കൂടാതെ മണൽ വാങ്ങുന്ന ആൾ പ്രസ്തുത പാസ് വാങ്ങി സൂക്ഷിക്കുവാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്ന മണൽ വാരൽ സംബന്ധിച്ച രജിസ്റ്ററുകൾ മാസത്തിലൊരിക്കൽ റവന്യൂ വകുപ്പുദ്യോഗസ്ഥൻമാർ

LIBRARY ARCHIVES Kerala Legislative Assembly

പരിശോധിക്കുന്നുണ്ട്. സ്വകാര്യ മണൽ ഖനനം കർശനമായി നിയന്ത്രിക്കുന്നുണ്ട്. സംശയാസ്പദമായ സ്ഥലങ്ങളിൽ റവന്യൂ സ്റ്റാഫിന്റെ നേതൃത്വത്തിൽ ചെക്കു പോസ്റ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. കടവുകളുടെ ചുറ്റുമുള്ള സ്വകാര്യ വ്യക്തികളുടെ സ്ഥലത്ത് മണൽ ശേഖരിച്ചു വയ്ക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ചും മണലിന് പകരം ഉപയോഗിക്കേണ്ട വസ്തുക്കളെക്കുറിച്ചും ജനങ്ങളിൽ ബോധവത്ക്കരണം നടത്തുന്നുണ്ട്.

റിവർ മാനേജുമെന്റ് ഫണ്ട്

186. [955] ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലയിൽ ഏതൊക്കെ ഗ്രാമപഞ്ചായത്തുകളാണ് റിവർ മാനേജുമെന്റ് ഫണ്ടടയ്ക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇപ്പോൾ റിവർ മാനേജുമെന്റ് ഫണ്ടിൽ ഉള്ള തുക എത്രയാണെന്ന് വ്യക്തമാക്കാമോ ; ഇതിന്റെ കസ്റ്റോഡിയൻ ആരാണ് : ഈ ഫണ്ടിന്റെ ഉദ്ദേശ്യം വ്യക്തമാക്കാമോ ;

(സി) 2003-04, 2004-05 എന്നീ സാമ്പത്തിക വർഷങ്ങളിൽ ഓരോ പഞ്ചായത്തും മേൽ ഇനത്തിൽ അടച്ച തുക എത്ര വീതമെന്ന് പഞ്ചായത്തുകളുടെ പേരുസഹിതം വ്യക്തമാക്കാമോ ;

(ഡി) 2003-04, 2004-05 എന്നീ സാമ്പത്തിക വർഷങ്ങളിൽ ഏതൊക്കെ പഞ്ചായത്തുകൾക്കാണ് റിവർ മാനേജുമെന്റ് ഫണ്ടിൽ നിന്നും വിവിധ പദ്ധതികൾക്കായി പണമനുവദിച്ചതെന്ന് പഞ്ചായത്തുകളുടെ പേരും അനുവദിച്ച തുകയും പ്രോജക്ടുകളുടെ പേരും സഹിതം വർഷം തിരിച്ച് വ്യക്തമാക്കാമോ ?

ഉത്തരം

(എ) താഴെപ്പറയുന്ന ഗ്രാമ പഞ്ചായത്തുകളിലേയും, പത്തനംതിട്ട മുനിസിപ്പാലിറ്റിയിലേയും കടവ് കമ്മറ്റികളാണ് ഫണ്ട് അടയ്ക്കുന്നത്.

1. വടശ്ശേരിക്കര
2. റാന്നി
3. റാന്നി-അങ്ങാടി
4. വെച്ചൂച്ചിറ
5. അയിരൂർ
6. റാന്നി-പെരുനാട്
7. നാറാണംമൂഴി
8. മല്ലപ്പുഴശ്ശേരി
9. ആറന്മുള
10. തോട്ടപ്പുഴശ്ശേരി

LIBRARY ARCHIVES Kerala Legislative Assembly